
### ബൈബിൾ ചിത്രകഥ

# ജോഷ്വ



MAR LOUIS PUBLICATIONS

ബൈബിൾ ചിത്രകഥ-6

# ജോഷ്വ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി ബെന്നി

# ജോഷ്വ

ഈജിപ്തിൽ നിന്നു മോശ പുറത്തുകൊണ്ടുവന്ന ഇസ്രായേൽ ജനത്തെ വാഗ്ദത്ത ഭൂമിയിലേക്കു നയിച്ച ധീരയോദ്ധാവാണ് ജോഷ്വ. അനേകം പേർ ഈജിപ്തിൽ നിന്നു പുറപ്പെട്ടെങ്കിലും അവരിൽ കർത്താവിനോട് പൂർണമായി വിശ്വസ്തത പുലർത്തിയ ജോഷ്വയും കാലെബും മാത്രമേ വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചുള്ളൂ.

കാനാൻ കയ്യക്കടൽ, ദേശം ഇസ്രയേൽ ഗോത്രങ്ങൾക്കു വിഭജിച്ചുകൊടുക്കൽ, ഷെക്കെമിലെ ഉടമ്പടി എന്നിങ്ങനെ മൂന്നു സംഭവങ്ങൾ ജോഷ്വായുടെ ജീവിതത്തിൽ മുന്നിട്ടുനിൽക്കുന്നു. ബി.സി. പതിമൂന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നടന്ന സംഭവങ്ങൾ ആണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. "ജോഷ്വാ" എന്ന പുസ്തകം

മുഴുവനുമാണ് കഥയുടെ ആധാരം. ഈ ബൈബിൾ ഗ്രന്ഥം രചിക്കപ്പെട്ടത് ബിസി ആറാം നൂറ്റാണ്ടിലാണ്. അന്ന് ഇസ്രയേൽക്കാർ ബാബിലോൺ പ്രവാസത്തിലായിരുന്നു.

വളരെ നാടകീയമായ വിധത്തിലാണു കാനാൻ കയ്യടക്കൽ ബൈബിൾ വിവരിച്ചിരിക്കുന്നത്. സംഭവങ്ങൾ കഴിഞ്ഞ് ആറ് നൂറ്റാണ്ടുകൾക്ക് ശേഷം രചിക്കപ്പെട്ട ഗ്രന്ഥത്തിലെ വിവരണങ്ങളാണ് ഇവ എന്നു നാം മറന്നുകൂടാ. നാടും വീടുമില്ലാതെ എല്ലാവരാലും പീഡിപ്പിക്കപ്പെട്ടു മരുഭൂമിയിലൂടെ അലഞ്ഞു നടന്ന ഒരു ജനത്തിന് സ്വന്തമായി ഒരു നാട് നൽകാൻ ദൈവം ചെയ്ത പ്രവൃത്തികൾ ആയിട്ടാണ് ഈ സംഭവങ്ങളെ ബൈബിൾ കാണുന്നത്.

കാനാൻ ദേശം മുഴുവൻ കയ്യടക്കാൻ ജോഷ്വായ്ക്കു കഴിഞ്ഞില്ല എന്ന് ജോഷ്വായുടെ പുസ്തകം തന്നെ സമ്മതിക്കുന്നുണ്ട് (ജോഷ്വ 13: 1). ഏറിയകൂറും മലമ്പ്രദേശമാണ് അവർ കയ്യടക്കിയത്. ഏകദേശം രണ്ടു

നൂറ്റാണ്ടുകൾക്കു ശേഷം ദാവീദിന്റെ കാലത്തുമാത്രമേ കാനാൻ മുഴുവൻ സ്വന്തമാക്കാൻ ഇസ്രായേലിനു കഴിഞ്ഞുള്ളൂ. നൂറ്റാണ്ടുകൾക്കു ശേഷം പുസ്തകം എഴുതിയ വിശുദ്ധ ഗ്രന്ഥകാരൻ ദാവീദിന്റെ വിജയങ്ങളും ജോഷ്വയുടേതായി ചിത്രീകരിച്ചിട്ടുണ്ട്. ജോഷ്വയുടെ നേതൃത്വത്തിൽ കാനാൻ കയ്യടക്കാൻ സഹായിച്ച ദൈവം ഇന്ന് ബാബിലോണിന്റെ അടിമകളായി കഴിയുന്ന തങ്ങൾക്ക് വീണ്ടും ആ നാട് നൽകും എന്ന ബോധ്യം അനുവാചകരിൽ ഉറപ്പിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. കർത്താവിനോട് അവിശ്വസ്തത കാണിച്ചതാണ് ഇപ്പോൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ കാരണം എന്ന് അവരെ പഠിപ്പിക്കാനും ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നു.

കീഴടക്കുന്ന പട്ടണത്തിലെ ജനങ്ങളെ പൂർണ്ണമായി നശിപ്പിക്കാൻ കർത്താവ് കല്പ്പിച്ചു എന്ന് കേൾക്കുമ്പോൾ തീർച്ചയായും നമുക്ക് സംശയങ്ങൾ ഉണ്ടാകും. ദൈവം

എല്ലാവരുടെയും ദൈവമാണെങ്കിൽ പിന്നെ എന്തേ ഒരു ജനതയ്ക്ക് വേണ്ടി മറ്റ് ജനതകളെ നശിപ്പിക്കുന്നു? ഇവിടെ ചരിത്രവസ്തുതകളും വിശ്വാസത്തിൻറെ വിശദീകരണങ്ങളും വേറിട്ടു കാണേണ്ടതുണ്ട്. കാനാൻ ദേശത്തു വാസമുറപ്പിച്ച ഇസ്രായേൽക്കാർ സാവധാനം ആ നാട്ടിലെ ജനങ്ങളുടെ വിശ്വാസത്തിലും ആചാരത്തിലും പങ്കുപറ്റി, അങ്ങനെ വിഗ്രഹാരാധകരായിത്തീർന്നു അവരുമായി ബന്ധപ്പെടാതിരുന്നെങ്കിൽ ഈ അപകടം സംഭവിക്കുകയില്ലായിരുന്നു എന്ന വിശ്വാസമാണ് അവരെ ഉന്മൂലനം ചെയ്യാൻ കർത്താവു കൽപ്പിച്ചിരുന്നു എന്നു പറയാൻ ബൈബിൾ ഗ്രന്ഥകാരന്മാരെ പ്രേരിപ്പിച്ചത്. യഥാർത്ഥത്തിൽ ഇപ്രകാരം ഒരു ഉന്മൂലനം നടന്നില്ല. .

കാനാൻ ദേശം 12 ഗോത്രങ്ങൾക്കായി വിഭജിച്ചു കൊടുത്തതും ജോഷ്വായാണ്.. അവകാശം നൽകുന്നത്

അവരുടെ കുടുംബങ്ങളുടെ എണ്ണമനുസരിച്ചാണ് എന്നത് ശ്രദ്ധേയമത്രെ. . ഒരു ഗോത്രവും മറ്റൊരു ഗോത്രത്തെക്കാളും ഉന്നതമോ നീചമോ അല്ല. ഇസ്രയേൽക്കാരായ എല്ലാവർക്കും വാഗ്ദത്ത ഭൂമിയിൽ അവകാശമുണ്ട്. എന്നാൽ ദൈവ ശുശ്രൂഷക്കായി വേർതിരിക്കപ്പെട്ട ലേവീ ഗോത്രത്തിനു ഭൂമിയിൽ അവകാശമില്ല. അവർക്കു വേണ്ടത് നൽകാൻ മറ്റു ഗോത്രക്കാർ കടപ്പെട്ടിരിക്കുന്നു .

അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട "എൽ അമർണ ലിഖിതങ്ങൾ" ജോഷ്വായുടെ പുസ്തകത്തിലെ പല സംഭവങ്ങളിലേക്കും വെളിച്ചം വീശുന്നുണ്ട്. കാനാനിലെ സാമന്ത രാജാക്കന്മാർ തങ്ങളുടെ മേൽക്കോയ്മയായ ഈജിപ്തുരാജാവിനയച്ച അനേകം കത്തുകൾ ഈ ലിഖിതങ്ങളിലുണ്ട്. ആഭ്യന്തരവിപ്ലവത്തിലേർപ്പെട്ടിരിക്കുന്ന കർഷക ജനതയ്ക്കെതിരെ രാജാക്കന്മാർ സംരക്ഷണം ആവശ്യപ്പെടുന്നതാണ് ഈ കത്തുകൾ. ബിസി പതിമൂന്നാം നൂറ്റാണ്ടിൽ കാനാനിലെ കർഷകർ നാട്ടുരാജാക്കന്മാർക്കും


പ്രമുഖന്മാർക്കും എതിരെ കലാപം സൃഷ്ടിച്ചു രാജാക്കന്മാരെയും അവരുടെ ദേവന്മാരെയും പുറംതള്ളി. ഈ സാഹചര്യത്തിലാണ് പുതിയൊരു വിശ്വാസവുമായി ഇസ്രായേൽക്കാർ കടന്നുവന്നത്. അടിമകൾക്ക് വിടുതൽ നൽകുന്ന യാഹ്‌വെയെ കാനാൻ കർഷകർ സ്വീകരിച്ചു. ഷെക്കെമിലെ ഉടമ്പടി പുതിയ സമൂഹത്തിൻറെ കൂട്ടായ്മയെ സ്ഥിരീകരിക്കുന്നു .


കർത്താവാണ് രക്ഷകൻ എന്നതാണ് ജോഷ്വാ എന്ന പേരിൻറെ അർത്ഥം. ഹെബ്രായ ഭാഷയിലുള്ള ഈ പേരിൻറെ ഗ്രീക്ക്രൂ രൂപമാണ് യേശു. ഇസ്രായേൽകാർക്കു കാനാൻ ദേശം നേടിക്കൊടുത്ത ജോഷ്വ യഥാർത്ഥ വാഗ്ദത്ത ഭൂമിയായ ദൈവരാജ്യം എല്ലാ മനുഷ്യർക്കും ആയി നൽകുന്ന യേശുവിൻറെ പ്രതീകവും മുന്നോടിയുമാണ്.


വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ മോശ മരിച്ചു. ജനത്തെ കാനാൻ ദേശത്തേക്ക് നയിക്കാനുള്ള ചുമതല കർത്താവിനോട് എപ്പോഴും വിശ്വസ്തനായിരുന്ന ജോഷ്വായെ ആണ് അദ്ദേഹം ഏൽപ്പിച്ചത്. ജോർദാൻ നദിയുടെ കിഴക്കുള്ള ഷിത്തിമിൽ പാളയമടിച്ചു കഴിയുകയായിരുന്നു ഇസ്രായേൽ ജനം.




നാട് ഒറ്റു നോക്കാനായി ജോഷ്വ രണ്ടുപേരെ തിരഞ്ഞെടുത്തു
നിങ്ങൾ പോയി ജറീക്കോ പട്ടണവും ചുറ്റുപാടുകളും നോക്കിയിട്ടു വരുവിൻ. ഞാങ്ങണച്ചെടികൾക്കിടയിൽ ഒരു ചെറുതോണി കെട്ടിയിട്ടിട്ടുണ്ട്
!!


ചാരന്മാർ രാത്രിയിൽ ജോർദാൻ കടന്നു
കർത്താവേ എന്തൊരൊഴുക്ക്. ജനം എങ്ങനെ ഈ നദി കടക്കും!
ജനത്തെ കർത്താവു കടത്തിക്കൊള്ളും. ആ ചുഴിയിൽ പെടാതെ തുഴയു.



ചാരന്മാർ ജറീക്കോയെ ലക്ഷ്യമാക്കി നടന്നു
ആകാശം മുട്ടുന്ന ഈ കോട്ട ആർക്കു മറികടക്കാനാകും?
ശ്...ശ്.. മിണ്ടാതിരിക്കൂ! നമ്മൾ ചാരന്മാരാണെന്ന് അവരറിഞ്ഞാൽ തല പോയത് തന്നെ.



പകൽ അസ്തമിക്കാറായി. ഇനി തിരിച്ചുപോകാനാവില്ല
ആ വീട്ടിൽ അന്തിയുറങ്ങാൻ സ്ഥലം തരുമോയെന്നു ചോദിക്കാം.

ചാരന്മാർ പോയിക്കഴിഞ്ഞപ്പോൾ പട്ടണവാസികൾ




ചാരന്മാർ റാഹാബിന്റെ വീട്ടിൽ.
ഞങ്ങൾ വഴിപോക്കരാണ്
!!
ഇത് വഴിയമ്പലമൊന്നുമല്ല. എന്നാലും.... ആകട്ടെ കയറി ഇരിക്കിൻ.


എന്തൊക്കെയുണ്ട് ഈ നാട്ടിൽ വിശേഷങ്ങൾ?
?
വിശേഷങ്ങളല്ലേ യുള്ളു! നാട്ടിൽ മുഴുവൻ കലാപമാണ്


കലാപമോ?
എല്ലായിടത്തും കർഷകരും അടിമകളും യജമാനന്മാർക്കെതിരേ പൊരുതുന്നു
!?



കാനാൻ ദേശത്ത് കർഷക വിപ്ലവം
അധ്വാനിക്കാൻ ഞങ്ങൾ. മുതലെടുക്കാൻ നിങ്ങൾ; ഈ വ്യവസ്ഥിതി അവസാനിപ്പിച്ചേ മതിയാകു!
ഈ ഭൂമിയും ഇതിൻറെ ഉല്പന്നങ്ങളും ഞങ്ങളുടേതാണ്. ഇനി നികുതിയും അവകാശവും പറഞ്ഞ് ഇങ്ങോട്ടു വരേണ്ട
നിങ്ങളെ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നതു ഞങ്ങളാണ്


കോട്ടയ്ക്കുള്ളിൽ വസിക്കുന്ന നിങ്ങളാണൊ നാട്ടിൻപുറത്ത് പാർക്കുന്ന ഞങ്ങളെ സംരക്ഷിക്കുന്നത്!
?
നിങ്ങൾ തന്നെയാണു ഞങ്ങളുടെ ശത്രുക്കൾ.. മാറിനിൽക്കു! ഞങ്ങൾ പണിത ഈ പട്ടണത്തിൽ ഞങ്ങൾ വസിക്കും.



ഇനി ഒരടി മുന്നോട്ടുവച്ചാൽ
ഈ ആയുധം മരം വെട്ടാൻ മാത്രമല്ല നിന്റെയൊക്കെ തല പൊളിക്കാനും കൊള്ളാം


കർഷകരും പടയാളികളും ഏറ്റുമുട്ടി
എവിടെ രാജാവിന്റെ അരമന?


കാനാനിലെ പല രാജാക്കന്മാരും കൊല്ലപ്പെട്ടു. അവരെല്ലാം ഈജിപ്തിനോട് സഹായം അഭ്യർത്ഥിച്ചിരുന്നു. പക്ഷേ ഈജിപ്തിൽ നിന്നു സൈന്യം വന്നില്ല.
അവരെങ്ങനെ വരാൻ!


ഇതിനിടക്കാണ് ഇസ്രായേൽക്കാർ കാനാൻ ആക്രമിക്കാൻ പോകുന്നു എന്ന വാർത്ത. ഇവിടെ കർഷകരെല്ലാം അതിൽ സന്തുഷ്ടരാണ്.



ഗ്രാമത്തിൽ കർഷകർ തമ്മിൽ സംഭാഷണം
കൂട്ടരേ, നിങ്ങൾ കേട്ടോ ഇസ്രായേൽക്കാർ ജോർദ്ദാന്റെ മറുകര എത്തിയിരിക്കുന്നു
കാനാൻ ദേശമാണത്രെ അവരുടെ ലക്ഷ്യം
!!
അവർ അവർ ഭീകരരാണ്. സകല രാജ്യങ്ങളും അവർക്കു മുമ്പിൽ അടിയറ പറയുന്നു



ഈജിപ്തിൽ അടിമകളായിരുന്ന അവരെ ഒരു ദൈവമാണത്രെ നയിക്കുന്നത്!
അടിമകളുടെ ദൈവമോ?



നമ്മെ അടിമകളാക്കുന്ന രാജാവും അവൻറെ ദൈവവും നശിക്കണം.
പണക്കാരന്റെയും മേലാളന്റെയും ദൈവത്തെ ഇനി നമുക്കു വേണ്ട.



പടയാളികൾ. ശല്യങ്ങൾ. എന്താണവർക്കിനിയും വേണ്ടത്?
??


നിൻറെ വീട്ടിൽ വന്നവർ എവിടെ?
അവർ ഇസ്രയേൽ ചാരന്മാരാണ്.
എനിക്കും തോന്നി. വന്നയുടനെ
ഞാനവരെ ഇറക്കി വിട്ടു.
പട്ടണവാതിൽ കടന്ന് നേരെ
കിഴക്കോട്ട് പോകുന്നതു കണ്ടു.
!!


അപ്പോൾ നിങ്ങൾ ഇസ്രയേൽക്കാരാണല്ലേ?
!?
ആരും അത് അറിയാതിരിക്കുന്നതാണു നിനക്ക് നല്ലത്


പടയാളികൾ നിങ്ങളെ തേടി കിഴക്കോട്ടു
പോയിട്ടുണ്ട്.തൽക്കാലം തട്ടിൻപുറത്തു
കയറി ഒളിച്ചിരിക്കു. രാത്രിയാകുമ്പോൾ
നിങ്ങൾക്ക് പട്ടണം വിടാം.


!
ഈ ഉപകാരം ഞങ്ങൾ ഒരിക്കലും മറക്കില്ല
!



ഈ ജനലിൽ ഒരു ചുവന്ന ചരടു കെട്ടിയിടണം. അത് ഉപകാരപ്രദമായിരിക്കും
!!
!


ചാരന്മാർ മടങ്ങിവന്നു ജോഷ്വയെ വിവരം ധരിപ്പിച്ചു.
ജെറീക്കോ ഒരു വലിയ പട്ടണമാണ്. വലിയ രണ്ടു മതിലുകൾ. മതിലുകൾക്കിടയിൽ കിടങ്ങ്.
പക്ഷേ കളിമണ്ണ് കൊണ്ടുണ്ടാക്കിയതാണ് കോട്ട
!


പട്ടണവാസികൾ ആകെ ഭയന്നിരിക്കുകയാണ്
കാനാൻ നമുക്കായി കാത്തിരിക്കുന്നു. നമ്മൾ കടന്നാക്രമിച്ചാൽ മതി


പാർപ്പിടമില്ലാത്ത ഈ അടിമകൾക്കു സ്വന്തമായി ഒരു നാടു  നൽകുന്ന കർത്താവേ, അങ്ങേ കാരുണ്യത്തിന് സ്തുതി.



പിറ്റേന്നു പ്രഭാതത്തിൽ
നമ്മൾ വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ പോവുകയാണ്. കർത്താവിന്റെ ശക്തി ഇന്ന് നിങ്ങൾ കാണും. ഉടമ്പടിയുടെ പേടകം വഹിച്ചുകൊണ്ടു പുരോഹിതന്മാർ മുൻപേ പോകണം.
!!


അവർ ജോർദാൻ നദിയിലേക്കു നീങ്ങി



പുരോഹിതന്മാരുടെ പാദം ജലത്തെ
സ്പർശിച്ചപ്പോൾ ഒഴുക്ക് നിലച്ചു. നദി
മുറിഞ്ഞു. കര പ്രത്യക്ഷപെട്ടു.
!!!


ജോർദ്ദാനിൽനിന്നു പന്ത്രണ്ടു കല്ലുകൾ കൊണ്ടുവന്ന് അവർ ഒരു സ്മാരകം നിർമ്മിച്ചു.
കർത്താവിൻറെ പേടകം കടന്നപ്പോൾ ജോർദ്ദാനിലെ ജലം വിഭജിക്കപ്പെട്ടതിന്റെ സ്മാരകമായിരിക്കും ഇത്.
!
!!



നദി കടന്നതിന്റെ പിറ്റേദിവസം അവർ ഗിൽഗാലിൽ പാളയമടിച്ചു. അവിടെവച്ച് എല്ലാ പുരുഷന്മാരും പരിച്ഛേദനം സ്വീകരിച്ചു
കർത്താവ് നമ്മുടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയുടെ അടയാളമാണിത്. കർത്താവിനോടു നമ്മൾ വിശ്വസ്തരായിരിക്കും എന്ന് ഏറ്റുപറയുകയാണ് ഈ പരിച്ഛേദന കർമ്മം വഴി.
!!


അവർ ജെറീക്കോയിലേക്കു നീങ്ങി.



നീയാര്?
കർത്താവിന്റെ സേനാധിപനാണു ഞാൻ. നിങ്ങളുടെ വിജയത്തിനു വേണ്ടി ഞാൻ ജെറീക്കോയിലേക്കു പോകുന്നു
!!


ഇസ്രായേൽ സൈന്യം ദിവസം ഒരു തവണ
വീതം ജെറിക്കോ പട്ടണത്തിനു വലം വച്ചു.


ഇതെന്തുകളി? ദിവസം അഞ്ചാറായല്ലോ ഇവർ ഇങ്ങനെ വട്ടം കറങ്ങുന്നു!
കോട്ടയുടെ പഴുതന്വേഷിക്കുകയാവാം
കോട്ടയ്ക്കുള്ളിൽ
അതോ വല്ല മന്ത്രവുമാണോ?


ഏഴാം ദിവസം ഏഴാം തവണ അവർ പട്ടണം ചുറ്റി. പുരോഹിതന്മാർ കാഹളം ഊതിയപ്പോൾ മതിലുകൾ ഇടിഞ്ഞു
പട്ടണത്തിലേക്ക് ഇരച്ചുകയറുവിൻ. ജനലിൽ ചുവന്ന ചരടു കെട്ടിയ വീടു നശിപ്പിക്കരുത്
!!!!


ചാരന്മാർ റഹാബിന്റെ വീട്ടിൽ
വേഗമാകട്ടെ
ഉടനെ പട്ടണത്തിൽ നിന്നു പുറത്തു കടക്കണം
?


ഇതാ, ഞങ്ങൾ വാക്കു പാലിച്ചിരിക്കുന്നു.
നീയും കുടുംബവും ഞങ്ങളുടെ ജനത്തിലെ അംഗങ്ങളായിരിക്കും
നിങ്ങളുടെ ദൈവമായിരിക്കും എൻറെയും ദൈവം



ഈ പട്ടണത്തെ മുഴുവനായി കർത്താവിനു ദഹനബലിയായി അർപ്പി ക്കുകയാണ്. അതിൽ നിന്ന് ആരും ഒന്നും സ്വന്തമായി സൂക്ഷിക്കരുത്.
!!


അടുത്ത ദിവസം ആയിപ്പട്ടണത്തെ ആക്രമിക്കാൻ ജോഷ്വ മൂവായിരം പടയാളികളെ അയച്ചു
!!!!


യജമാനനേ, നമ്മുടെ സൈന്യം ചിതറി, കുറേ പേർ കൊല്ലപ്പെട്ടു
എന്ത്
???


ജോഷ്വാ
ദൈവമായ കർത്താവേ അങ്ങ് ഞങ്ങളുടെ കൂടെ വരുമെന്ന് പറഞ്ഞിട്ട് എന്തേ ഇപ്പോൾ ശത്രുക്കളുടെ മുൻപിൽ ഞങ്ങൾ തോറ്റോടുന്നു?
!


അതേ സമയം ഇസ്രായേൽ പാളയത്തിൽ
അറിഞ്ഞില്ലേ? നമ്മുടെ പടയാളികൾ തോറ്റോടിയിരിക്കുന്നു
ആയിപ്പട്ടണം പിടിക്കാൻ മൂവായിരം പേരു പോരായിരുന്നു.




ആ ചെറിയ പട്ടണത്തിൽ നമ്മൾ തോറ്റെങ്കിൽ....
ചുറ്റുപാടുമുള്ളവർ ഒന്നിച്ചുകൂടി നമ്മളെ ആക്രമിക്കും
!?


ഒരുപക്ഷേ ആയിപ്പട്ടണത്തിന്റെ ദൈവം കർത്താവിനേക്കാൾ ശക്തനായിരിക്കുമോ?
കർത്താവ് നമ്മെ കൈവിട്ടിരിക്കുകയാണ്


അല്ല കർത്താവ് കോപിച്ചിരിക്കുകയാണ്. നമ്മളിൽ ആരോ തെറ്റ് ചെയ്തിരിക്കുന്നു. അവനെ കണ്ടു പിടിച്ചു ശിക്ഷിക്കണം.
കുറ്റം എന്തെന്നറിയാതെ കുറ്റക്കാരനെ എങ്ങനെ കണ്ടുപിടിക്കും?



കർത്താവിൻറെ കൽപ്പനയനുസരിച്ച് ജോഷ്വാ പിറ്റേന്ന് പ്രഭാതത്തിൽ ജനത്തെ വിളിച്ചുകൂട്ടി നറുക്കിട്ടപ്പോൾ ആഖാൻ കുറ്റക്കാരനായി കാണപ്പെട്ടു
ആഖാൻ, നീ എന്ത് ചെയ്തെന്നു പറയുക ഒന്നും മറച്ചുവയ്ക്കരുത്.
ഒരു മേലങ്കിയും കുറച്ചു വെള്ളിനാണയങ്ങളും ഒരു സ്വർണക്കട്ടിയും എടുത്ത് എൻറെ കൂടാരത്തിനുള്ളിൽ കുഴിച്ചിട്ടിട്ടുണ്ട്
കർത്താവിന് വേണ്ടി മാറ്റിവച്ചത് പൊതുസ്വത്താണ് അത് ഒരാൾ സ്വന്തമാക്കുക വലിയ പാപമാണ്


അവർ അഖാനെ ആഖോർ താഴ്‌വരയിൽ വച്ചു കല്ലെറിഞ്ഞു കൊന്നു. അവൻറെ വസ്തുവകകൾ അഗ്നിക്കിരയാക്കി.
!!!
എല്ലാവർക്കും ഇതൊരു പാഠമായിരിക്കട്ടെ



പിറ്റേന്ന് സൈന്യവുമായി ജോഷ്വ ആയിപ്പട്ടണത്തിനെതിരെ പുറപ്പെട്ടു.
ഇത്തവണ പട്ടണം കർത്താവു നമ്മുടെ കൈകളിൽ ഏൽപ്പിച്ചു തരും. നിങ്ങൾ ഞാൻ പറയുന്നതനുസരിച്ചു പ്രവർത്തിച്ചാൽ മതി.
!!!


ജോഷ്വാ പട്ടണത്തിന്റെ പ്രധാന
വാതിലിനു നേരെ ആക്രമണം തുടങ്ങി
പിന്തിരിയുവിൻ, ജറീക്കോയിലേക്ക് ഓടുവിൻ
അവരെ പിന്തുടർന്ന് നശിപ്പിക്കുവിൻ!


ആയിപ്പടയാളികൾ ഇസ്രയേൽ സേനയെ
പിന്തുടർന്നപ്പോൾ ജോഷ്വ ഒളിപ്പിച്ചിരുന്നവർ
പട്ടണത്തിൽ കയറി
!!


അപ്പോൾ ജോഷ്വാ തിരിഞ്ഞു നിന്നു
???
നമ്മൾ നശിച്ചു


ഇസ്രായേൽക്കാരെക്കുറിച്ചു കാനാനിലെങ്ങും
സംസാരമായി. രാജാക്കന്മാർ ഭയന്നു വിറച്ചു.
ജെറിക്കോയുടെ അടുത്തുള്ള ഒരു ചെറിയ
പട്ടണമായ ഗിബെയോനിൽ
ആയിവീണു. അടുത്തതു നമ്മളായിരിക്കും.
നമുക്ക് ഇസ്രായേൽക്കാരുമായി സന്ധി ചെയ്യാം
അവർ സമ്മതിക്കുമോ?
അതിനൊരു പായമുണ്ട്.
!


നിങ്ങളാരാണ്? എവിടെ നിന്നു വരുന്നു?
ഞങ്ങൾ അങ്ങു വടക്കുനിന്നു വരികയാണ്. നിങ്ങളുടെ ദൈവം ചെയ്ത വലിയ കാര്യങ്ങൾ ഞങ്ങൾ കേട്ടു



ഞങ്ങളുമായി ഒരു ഉടമ്പടി ചെയ്യണം ഏതു നിബന്ധനയ്ക്കും ഞങ്ങൾ ഒരുക്കമാണ്.
നമ്മൾ മിത്രങ്ങൾ ആയിരിക്കും
!!

ഉടമ്പടി ചെയ്ത് മൂന്നാം ദിവസം അവർ അയൽക്കാരായ
ഗിബെയോൻകാരാണെന്നു ജോഷ്വാ മനസ്സിലാക്കി അപ്പോൾ





??
ഞങ്ങൾ വാക്ക് പാലിക്കും പക്ഷേ നുണ പറഞ്ഞതു കൊണ്ടു  നിങ്ങൾ അടിമകളായിരിക്കും.


ഈ സഖ്യത്തെക്കുറിച്ചറിഞ്ഞ് അയൽ രാജ്യങ്ങളിലെ അഞ്ചു രാജാക്കന്മാർ കൂടിയാലോചിച്ചു
ഇസ്രായേൽക്കാരെ ഇങ്ങനെ വിട്ടാൽ പറ്റില്ല
ഒറ്റയ്ക്കു പൊരുതിയാൽ നമ്മൾ നശിക്കുകയെ ഉള്ളൂ
നമ്മുടെ ജനം പോലും ഇപ്പോൾ ഇസ്രായേൽ ക്കാരുടെ പക്ഷത്തേക്ക് നീങ്ങുകയാണ്
നമ്മൾ ഒറ്റക്കെട്ടായി ഇസ്രാ യേൽക്കാരെ നേരിടണം
അവരെ നേരിട്ട് എതിർക്കുക അപകടമാണ്
ഗിബെയോനെ ആക്രമിച്ചു നശിപ്പിക്കുക. ഇനിയാരും ഇസ്രയേലിന്റെ പക്ഷം ചേരരുത്


രാജാക്കന്മാർ സൈന്യസമേതം പുറപ്പെട്ടു



യജമാനനേ, ഞങ്ങളെ രക്ഷിക്കണം.
അഞ്ചു രാജാക്കന്മാർ ഞങ്ങൾക്കെതിരെ പാളയമടിച്ചിരിക്കുന്നു.
!!
ഭയപ്പെടേണ്ട, കർത്താവ് നിങ്ങളെ രക്ഷിക്കും


ജോഷ്വാ  സൈന്യസമേതം പുറപ്പെട്ടു രാത്രി
മുഴുവൻ യാത്ര ചെയ്തു.  നേരം വെളുക്കുന്നതിനു
മുമ്പേ ശത്രുപാളയത്തെ ആക്രമിച്ചു
????
?


യജമാനനേ അഞ്ചു രാജാക്കന്മാരും ഒരു ഗുഹയിൽ ഒളിച്ചിരിക്കുകയാണ്.
വലിയ കല്ലുകൾ ഉരുട്ടിവെച്ച് ആ ഗുഹയടക്കുവിൻ. യുദ്ധം തുടരട്ടെ.


കർത്താവായ ദൈവമേ ഞങ്ങൾ ഈ യുദ്ധം ജയിക്കുന്നത് വരെ സൂര്യൻ അസ്തമിക്കാതിരിക്കട്ടെ



കർത്താവ്
പ്രാർത്ഥന കേട്ടു.
സൂര്യാസ്തമയത്തിനു
മുൻപ് ഇസ്രയേൽ
യുദ്ധം ജയിച്ചു.
രാജാക്കന്മാരെ
ഇവിടെ
കൊണ്ടുവരുക


രാജാക്കന്മാർ ജോഷ്വായുടെ മുമ്പിൽ
നിസ്സഹായരായ പാവങ്ങളെ നിർബാധം നശിപ്പിക്കാമെന്നു കരുതിയോ? നിരാലംബർക്കു നീതി നടത്തിക്കൊടുക്കുന്ന ഒരു ദൈവമുണ്ടെന്നു ലോകം മുഴുവൻ അറിയട്ടെ.
?????





തെക്കു ചാവുകടലിനും വടക്കു ഹെർമ്മോൻ മലയ്ക്കും മധ്യേയുള്ള രാജാക്കന്മാരെല്ലാം ഇസ്രയേലിനെതിരെ ഒരുമിച്ചുകൂടി
അവർ കടന്നുപോകുന്ന വഴിയിൽ ജീവനുള്ളതൊന്നും അവശേഷിക്കുന്നില്ല
നമുക്കെല്ലാം വംശനാശം സംഭവിക്കാൻ പോകുന്നു
ജോഷ്വായുടെ പേര് കേൾക്കുമ്പോൾ പടയാളികളുടെ ഹൃദയം തണുത്തുറയുകയാണ്.
യാഹ്വെ എന്നൊരു ദൈവമാണത്രെ അവർക്കു വേണ്ടി യുദ്ധം ചെയ്യുന്നത്. അത് കൃഷിക്കാരുടെയും അടിമകളുടെയും ദൈവമാണു പോലും!
നമ്മുടെ ബാൽ ദേവനെക്കാൾ ശക്തനായ മറ്റൊരു ദൈവമോ?


ബാൽവിശ്വാസികളെല്ലാം ഒരുമിച്ചുകൂടി അവരെ നേരിടണം. രാജാക്കന്മാരുടെ ദൈവത്തിന്റെ കരുത്ത് അവരെ കാണിച്ചു കൊടുക്കണം.
നമുക്കൊരുമിച്ചു ജോഷാഫാക്കെതിരെ നീങ്ങാം.


വടക്കൻ കാനാൻ മുഴുവൻ നമുക്കെതിരെ സംഘടിക്കുകയാണ്. അവർ യുദ്ധം തുടങ്ങുന്നതിനു മുൻപേ നാം അവരെ ആക്രമിക്കണം.
!



അതാ ശത്രുപാളയങ്ങൾ.
ആക്രമിച്ചു നശിപ്പിക്കുവിൻ.




ശത്രുസൈന്യം ചിതറി. ഇസ്രയേൽക്കാർ കോട്ടകൾ പിടിച്ചടക്കി.


വർഷങ്ങൾ കടന്നുപോയി. ജോഷ്വായുടെ നേതൃത്വത്തിൽ അനേകം പട്ടണങ്ങളും ഗ്രാമങ്ങളും പിടിച്ചടക്കി. ഒരു ദിവസം
സഹോദരന്മാരെ, കർത്താവു തന്റെ വാഗ്ദാനം നിറവേറ്റി. കാനാൻ ദേശം അവിടുന്നു നമുക്കായി ഏൽപ്പിച്ചുതന്നു
പിടിച്ചടക്കാൻ ഇനിയും പട്ടണങ്ങൾ ഏറെയുണ്ട്
ഫിലിസ്ത്യരും സീദോന്യരും എല്ലാം കാനാൻറെ ഒരു നല്ല പങ്ക് ഇപ്പോഴും കയ്യടക്കി യിരിക്കുകയാണ്.


ആ ദേശമെല്ലാം കാലക്രമത്തിൽ കർത്താവു നമുക്കു തരും. ഇതുവരെ പിടിച്ചടക്കിയ പ്രദേശങ്ങൾ 12 ഗോത്രങ്ങൾക്കായി വീതിച്ചെടുക്കണം.


ഇസ്രായേൽ ഗോത്രങ്ങൾ
ആശേർ
നഫ്താലി
ഗലീലിത്തടാകം
സെബുലൂൺ
ഇസാഖർ
മനാസ്സെ
മനാസ്സെ
യോർദ്ദാൻനദി
മദ്ധ്യധരണ്യാഴി
എഫ്രേം
ഗാദ്
ദാൻ
ജെറീക്കോ
ബെഞ്ചമിൻ
യൂദാ
റൂബെൻ
ചാവുകടൽ
ശിമയോൻ


ഞാൻ വൃദ്ധനായി. കർത്താവു തന്നെ നിങ്ങളെ തുടർന്നു നയിക്കും. നാളെ എല്ലാവരും ഷെക്കെമിൽ ഒരുമിച്ചുകൂടി കർത്താവിൻറെ ഉടമ്പടി നവീകരിക്കണം.


കർത്താവു നമുക്കു വേണ്ടി ചെയ്ത വലിയ കാര്യങ്ങൾ നിങ്ങൾ ഒരിക്കലും മറക്കരുത്. അടിമത്തത്തിൽ നിന്നു മോചിപ്പിച്ചതും ഉടമ്പടി ചെയ്തതും കാനാൻ സ്വന്തമായി നൽകിയതും എല്ലാം നിങ്ങൾ മക്കൾക്കു പറഞ്ഞു കൊടുക്കണം. പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കണം.
കർത്താവു മാത്ര മായിരിക്കും ഞങ്ങളുടെ ദൈവം . ഞങ്ങളും ഞങ്ങളുടെ മക്കളും എന്നും കർത്താവിനെ സേവിക്കും.

# ചോദ്യങ്ങൾ

1. "ജോഷ്വാ" എന്ന പേരിൻറെ അർത്ഥമെന്ത്?
2. ഈജിപ്തിൽനിന്നു പുറപ്പെട്ടവരെല്ലാം വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചില്ല.  എന്തുകൊണ്ട്?
3. ഇസ്രായേൽ ചരന്മാർക്ക് അഭയം നൽകിയ സ്ത്രീ  ആര്?
4. എന്താണ് ആഖാൻ ചെയ്ത തെറ്റ്?
5. അഞ്ചു രാജാക്കന്മാരെ തൂക്കി കൊന്നതുവഴി എന്തു പാഠമാണ് ജോഷ്വാ നല്കുന്നത്?
6. കാനാൻ നിവാസികളെ ഉന്മൂലനം ചെയ്യാൻ കല്പിച്ചതിന്റെ കാരണമെന്ത്?
7. ജോഷ്വാ കാനാൻ ദേശം പന്ത്രണ്ടു ഗോത്രങ്ങൾക്കായി വിഭജിച്ചു. ഏതെല്ലാമാണ് ആ ഗോത്രങ്ങൾ?
8. ലേവീ ഗോത്രത്തിനു  കനാൻ ദേശത്ത് അവകാശം ലഭിച്ചില്ല. എന്തുകൊണ്ട്?
9. കർത്താവാണ് ഇസ്രായേൽ ജനത്തിനു വിജയം നൽകിയത്. ഉദാഹരണസഹിതം വ്യക്തമാക്കുക.
10. ജോഷ്വാ യേശുവിൻറെ പ്രതീകവും മുന്നോടിയുമാണ്. വിശദീകരിക്കുക.

നൂറ്റിപ്പത്തു വയസ്സായപ്പോൾ ജോഷ്വാ മരിച്ചു. ഇസ്രായേൽ ഗോത്രങ്ങൾ
ചെറിയ സമൂഹങ്ങളായി കാനാനിൽ താമസമുറപ്പിച്ചു. കാലക്രമത്തിൽ
അവർ കർത്താവിനെ മറന്നു. അപ്പോൾ ശത്രുക്കൾ പെരുകി.
ഭയവിഹ്വലരായ അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവരെ
രക്ഷിക്കാൻ കർത്താവു ശക്തരായ നേതാക്കന്മാരെ അയച്ചു.

## അടുത്ത ചിത്രകഥ

# സാംസൺ



# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും